എസ്.എൻ.ഡി.പി ഹൈസ്ക്കൂൾ മൂവാറ്റുപുഴ

# ദൃഷ്ടി

സമഗ്ര വിദ്യാലയ വികസന പദ്ധതി - രൂപരേഖ

അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ

2. ആമുഖം

3. വിദ്യാലയ ചരിത്രം

    a.വിദ്യാർത്ഥികളുടെ എണ്ണം

    b.അദ്ധ്യാപകരുടെ എണ്ണം

4. മികവുകൾ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : എസ്.എൻ.ഡി.പി ഹൈസ്ക്കൂൾ, മൂവാറ്റുപുഴ. |
| 2. | മേൽവിലാസം | : മൂവാറ്റുപുഴ എച്ച്.പി.ഒ, എറണാകുളം- 686661, ഫോൺ- 0485 2835030. |
| 3. | സ്കൂൾ കോഡ് | : 23003 |
| 4. | വിദ്യാഭ്യാസ ഉപജില്ല | : മൂവാറ്റുപുഴ |
| 5. | വിദ്യാഭ്യാസ ജില്ല | : മൂവാറ്റുപുഴ |
| 6. | റവന്യു ജില്ല | : എറണാകുളം |
| 7. | ബി.ആർ.സി | : മൂവാറ്റപുഴ |
| 8. | സി.ആർ.സി | : മൂവാറ്റുപുഴ |
| 9. | മുൻസിപ്പാലിറ്റി | : മൂവാറ്റുപുഴ |
| 10. | ബ്ലോക്ക് പഞ്ചായത്ത് | : മൂവാറ്റുപുഴ |
| 11. | ജില്ല പഞ്ചായത്ത് | : എറണാകുളം |
| 12. | നിയമസഭാമണ്ഡലം | : മൂവാറ്റുപുഴ |
| 13. | ലോകസഭാ മണ്ഡലം | : ഇടുക്കി |
| 14. | താലൂക്ക് | : മൂവാറ്റുപുഴ |
| 15. | വില്ലേജ് | : മാറാടി |
| 16. | ഇ.മെയിൽ | : sndpmvpa_28003@gmail.com |

# ആമുഖം

മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലയിലെ എസ്.എൻ.ഡി.പി ഹൈസ്കൂൾ അതിന്റെ അക്കാദമികവും ഭൗതീകവും സാമൂഹികവുമായ തലങ്ങളിൽ മികവു പുലർത്തിപ്പോരുന്നു. മൂവാറ്റുപുഴ എസ്.എൻ.ഡി.പി യൂണിയന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുപോരുന്ന ഈ വിദ്യാലയത്തിന് പി.ടി.എ യുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിസ്സീമമായ പിന്തുണ ലഭിച്ചുവരുന്നു.

സ്കൂളിന്റെ സമഗ്രമായ വികസനത്തിനും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കും ആവശ്യമായ ആസൂത്രണ രേഖയാണ് ഈ മാസ്റ്റർ പ്ലാൻ. സ്കൂൾ മാനേജ്മെന്റ്, അധ്യാപകർ, വിദ്യാർത്ഥികൾ, പൂർവവിദ്യാർത്ഥികൾ,സന്നദ്ധസംഘടനകൾ, സാമൂഹ്യപ്രവർത്തകർ,തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ സഹായങ്ങൾ ഏകോപിപിച്ചുകൊണ്ടുള്ള ഒരു സംയോജിത വികസന പദ്ധതിയാണ് ഈ ആസൂത്രണ രേഖയിൽ ലഭ്യമാക്കുന്നത്.

അക്കാദമിക രംഗത്തെ മികവിന് ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനവും ആവശ്യമാണ്. അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയും ഈ മാസ്റ്റർ പ്ലാനിന്റെ ഭാഗമാകുന്നു.

അതുകൊണ്ടു തന്നെ 2025-26 അധ്യയന വർഷത്തിലെ പ്രവർത്തനങ്ങളെ സമയബന്ധിതമായി ക്രമപ്പെടുത്തി. മെയ്മാസത്തിൽത്തന്നെ എസ്.ആർ.ജി യോഗം ചേരുകയും വിവിധ വിഷയങ്ങളിൽ നിർവഹിക്കേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. മാസ്റ്റർ പ്ലാനിലെ അക്കാദമിക പ്രവർത്തനങ്ങളുടെ നിർവഹണത്തിനായി ബിനോജ് എം.ജോസ്, ആശിഷ് വിഷ അനൂപ് മോഹൻ, കബീർ പി.എ, ജീവ രാജ്, അനുകുമാരി കെ.എസ്, രേഷ്മ പി.ആർ, ദേവി എൻ.ആർ, സുമ കെ.എസ്, ആഷ ഗോപിനാഥ് എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി വിഷയാധിഷ്ഠിതമായി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി.

# സ്കൂൾ ചരിത്രം

''വിദ്യകൊണ്ട് സ്വതന്ത്രരാവുക'' എന്ന മഹത്തായ ആദർശം ലോകത്തിനു സമ്മാനിച്ച ശ്രീനാരായണഗുരുദേവന്റെ നാമധേയത്തിലുള്ള എസ്.എൻ.ഡി.പി ഹൈസ്കൂൾ, മൂവാറ്റുപുഴ എസ്.എൻ.ഡി.പി യൂണിയന്റെ രക്ഷാധികാരത്തിൻ കീഴിൽ 1964 ജൂണിൽ സ്ഥാപിതമായി. ആർ.ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. പി.എ ഗോവിന്ദൻ (പുളിമൂട്ടിൽ,മാറാടി),വി.ആർ കൃഷ്ണൻ (ആലനാൽ,പനങ്കര)എം.കെ കൃഷ്ണൻ (മങ്ങാട്ട്) തുടങ്ങിയവർ ഈ സ്കൂളിന്റെ പ്രാരംഭ ഘട്ടത്തിലെ സജീവ പ്രവർത്തരായിരുന്നു. ശ്രീ.വി.കെ നാരായണൻ (സ്കൂൾ മാനേജർ),അഡ്വ.എ.കെ അനിൽകുമാർ (യൂണിയൻ സെക്രട്ടറി) എന്നിവർ സ്കൂളിന്റെ ഇന്നത്തെ അമരക്കാരായി തുടരുന്നു. 1998 മുതൽ ഹയർസെക്കണ്ടറി വിഭാഗവും ഇവിടെ പ്രവർത്തിച്ചുവരുന്നു.

a) വിദ്യാർത്ഥികളുടെ എണ്ണം 2025- 26 ൽ

| |
|---|
| VIII- 143 |
| IX - 168 |
| X- 154 |
| Total- 465 |

b) അധ്യാപകർ- അനധ്യാപകർ

| വിഷയം | അധ്യാപകരുടെ എണ്ണം |
|---|---|
| എച്ച്.എം | 1 |
| മലയാളം | 3 |
| ഇംഗ്ലീഷ് | 3 |
| ഹിന്ദി | 2 |
| അറബി | 1 |
| സംസ്കൃതം | 1 |
| ഭൗതീക ശാസ്ത്രം | 1 |
| രസതന്ത്രം | 1 |
| ജീവശാസ്ത്രം | 2 |
| സാമൂഹ്യശാസ്ത്രം | 2 |
| ഗണിതം | 3 |
| കായികം | 1 |
| സംഗീതം | 1 |
| അനധ്യാപകർ | 4 |

## മികവുകൾ

1964 ൽ മൂവാറ്റുപുഴയുടെ ഹൃദയഭാഗത്ത് സ്ഥാപിതമായ എസ്.എൻ.ഡി.പി ഹൈസ്കൂളിൽ 2025-26 അധ്യയനവർഷത്തിൽ 465 വിദ്യാർത്ഥികളും 21 അധ്യാപകരും 4 അനധ്യാപകരുമായി പ്രവർത്തിച്ചുപോരുന്നു. 8,9,10 ക്ലാസുകളിലായി 12 ഡിവിഷണുകളുള്ളതിൽ മൂന്നു വീതം ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും ഒന്നു വീതം മലയാളം മീഡിയനും മൂന്നു ക്ലാസുകളിലുമായി പ്രവർത്തിക്കുന്നു. ഈ വർഷം എസ്.എസ്.എൽ.സി എഴുതിയ 150 കുട്ടികളേയും മികച്ച വിജയത്തിലെത്തിക്കുവാനും 46 ഫുൾ എ പ്ലസ്സ് നേടുവാനും കഴിഞ്ഞു എന്നത് അഭിമാനത്തിനു വകനൽകുന്നു.

കലാരംഗത്തും കായികരംഗത്തും മികച്ച വിജയം കൈവരിക്കുവാൻ എസ്.എൻ. ഡി.പി ഹൈസ്കൂളിന് കഴിഞ്ഞിട്ടുണ്ട്. SPC,NCC, Little Kite വിവിധ ക്ലബ്ബുകൾ എന്നിവയെല്ലാം അക്കാദമികവും, ഭൗതീകവും സാമൂഹികവുമായ ഉന്നതിയിലേക്ക് എത്തിക്കുന്നു.

## എസ്.പി.സി/എൻ.സി.സി

എസ്.പി.സി, എൻ.സി.സി എന്നിവ കായിക പരിശീലനങ്ങൾക്ക് നേതൃത്വം നൽകുകയും കുട്ടികളെ അച്ചടക്കബോധത്തോടെ നയിക്കുകയും ചെയ്യുന്നു. സാമൂഹ്യമര്യാദകളെക്കുറിച്ചും ജീവകാരുണ്യപ്രവർത്തനത്തെക്കുറിച്ചും അവർക്ക് ദിശാബോധം നൽകുകയും ചെയ്യുന്നു. എസ്.പി.സി ആഴ്ചയിൽ രണ്ടു ദിവസവും,എൻ.സി.സി ആഴ്ചയിൽ രണ്ടു ക്ലാസുകൾ വീതം 40 ക്ലാസ്സുകളും നടത്തിവരുന്നു. പരിശീലനത്തിനോടനുബന്ധിച്ച് രുചികരവും പോഷകസമൃദ്ധവുമായ ഭക്ഷണവും കുട്ടികൾക്ക് നൽകുന്നു. ഇൻഡോർ ക്ലാസ്സുകൾ, വിവിധ മത്സരങ്ഹൾ, ഫീൽഡ് ട്രിപ്, ക്യാമ്പുകൾ എന്നിവയും ഇതിന്റെ ഭാഗമായി നടത്തിവരുന്നു.

നന്മ ക്ലബ്

നന്മക്ലബ് സാമൂഹ്യ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് സഹായങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. കുട്ടികളിൽ നന്മയെക്കുറിച്ചും പരസ്പര സഹായത്തെക്കുറിച്ചും തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുകയും അവരെ സാമൂഹ്യ ബോധമുള്ള മികച്ച പൗരന്മാരാക്കി മാറ്റാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നു.

## പരിസ്ഥിതി ക്ലബ്ബ്

പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുന്നതിനും അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കുന്നതിനും പരിസ്ഥിതി ക്ലബ്ബ് ഏറെ സഹായകമാണ്.

പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ ഈ ക്ലബ്ബ് നടത്തിവരുന്നു. പാതയോരത്ത് തണൽവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക. സ്കൂൾ പരിസരത്ത് പല തരത്തിലുളള വൃക്ഷങ്ങളും ഔഷധസസ്യങ്ങലും നട്ടുപിടിപ്പിക്കുക, അവ പരിപാലിക്കുക, പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ ക്ലബ്ബംഗങ്ങൾ നടത്തിവരുന്നു.

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

2010-11 അധ്യയന വർഷം മുതൽ നമ്മുടെ സ്കൂളിൽ ലഹരിവിരുദ്ധ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ലഹരിക്കെതിരെയുള്ള നമ്മുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും പോസ്റ്റർ രചനാമത്സരം, പ്രദർശനം, ഉപന്യാസ രചന, കൈപ്പുസ്തകം തയ്യാറാക്കൽ, ലഘുലേഘകൾ വിതരണം ചെയ്യൽ തുടങ്ങി വിവിധ മത്സരങ്ങളും പരിപാടികളും ഉൾപ്പെടുന്നു.

എക്സൈസ് വകുപ്പിലെ പ്രഗത്ഭരായ ഉദ്യോഗസ്ഥർ ഇവിടെ വന്ന് കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. ലഹരിക്കെതിരെ സ്കൂൾ നടത്തിവരുന്ന എല്ലാ പ്രവർത്തനങ്ങളിലും എക്സൈസ് വകുപ്പിന്റെ സഹകരണം ശ്ലാഘനിയമാണ്.ഗൃഹാങ്കണം പദ്ധതി പ്രകാരം വീടുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തി.

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഇത്തവണ മൂവാറ്റുപുഴയിലെ പ്രധാനപ്പെട്ട തെരുവുകളിൽ ഫ്ളാഷ് മോബ് അവതരിപ്പിച്ചു. വിവിധ പ്രവർത്തനങ്ങൾ നിരന്തരം ചെയ്യുന്നത് കുട്ടികളിൽ ലഹരിക്കെതിരെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനായത് അഭിമാനകരമായി തോന്നുന്നു. തടുർന്നും വിവിധ പ്രവർത്തനങ്ങൾ ഞങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. അതിലൊന്നാണ് ലഹരിക്കെതിരെ നടത്തുന്ന സർവ്വെ.

## പരിമിതികൾ

നേട്ടങ്ങൾ എടുത്തുപറയുന്നതിനാലും പരിമിതികളും സൂചിപ്പിക്കാതെ കഴിയില്ല. സംസ്ഥാന കലോത്സവവിജയിഖൾ ഉണ്ട് എങ്കിലും കലാകായിരമേളകളിൽ കൂടുതൽ സ്ഥലപരിമിതകി തന്നെയാണ് ഏറ്റവും മുഖ്യം. കായിക മേഖലയിൽ അത്ലെറ്റിക് ഇന

ങ്ങളിൽ പരിശീലനങ്ങൾ നടത്താനും എസ്.പി.സി,എൻ.സി.സി എന്നീ പദ്ധതികൾക്കും പര്യാപ്തമായ ഒരുമൈതാനം സജ്ജീകരിക്കപ്പെട്ടിട്ടില്ല എന്നത് ഒരു ന്യൂനത തന്നെയാണ്.

ലൈബ്രറിസ ലാബ് സൗകര്യങ്ങളും പരിമിതമാണ്. കൂടുതൽ പുസ്തകങ്ങളും റഫറൻസ് സൗകര്യങ്ങളും സ്ഥലസൗകര്യവും ലൈബ്രറിക്കാവശ്യമാണ്. കൂടുതൽ ലാബ് എക്വിപ്മെന്റുകളും സ്ഥലസൗകര്യവും സയൻസ് ലാബുകൾക്ക് ആവശ്യമാണ്.

സ്കൂളിന്റെ വിശാലമായ ഓപ്പൺ ടെറസ് ട്രസ്സ് ചെയ്ത് സീലിംഗ് പാനലുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ചെയ്ത് മെച്ചപ്പെടുത്തിയാൽ ലാബ്, ലൈബ്രറി ആവശ്യങ്ങൾക്ക് ധാരാളം സ്ഥലസൗകര്യം ലഭിക്കും. പുതിയ പദ്ധതിരേഖയിൽ ഈ നവീകരണ പ്രവർത്തനവും കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. മാനേജ്മെന്റ്, സന്നദ്ധസംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ പിന്തുണയും ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മേഖല ഭൗതീകം

## ലാബ് ശാക്തീകരണം

മുഴുവൻ കുട്ടികളുടേയും അറിവിനും കഴിവിനേയും താൽപര്യത്തേയും ഉൾക്കൊള്ളുന്നതും മുന്നോട്ട് നയിക്കുന്നതുമായ ഒരു സഹായി ആയി  വർത്തിക്കുന്ന രീതിയാണ് ലാബ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ ഏതാനും പരിമിതികൾ ഉണ്ട്. അതായത് സ്ഥല സൗകര്യം കുറവ്, ഉപകരണങ്ങളുടെ എണ്ണം കുറവ്, സുരക്ഷ് സൗകര്യങ്ങൾ കുറവ്.

ഈ പരിമിതി മറികടക്കുന്നതിനുവേണ്ടി വെളിച്ചവും ജലവുമുള്ള സൗകര്യപ്രദമായ റൂം ലഭ്യമാക്കും.ക്ലാസ് റൂമിൽ മൊബൈൽ ലാബ് നിർമ്മിക്കാൻ ശ്രമം നടത്തും.ശാസ്ത്രത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ പൂർണ്ണതയിൽ എത്തിക്കാൻ സഹായിക്കുന്നു. കരിക്കുലം ലക്ഷ്യമാക്കുന്ന ആശയങ്ങളിൽ മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികൾക്ക് പ്രശ്നങ്ങൾ മറികടക്കാൻ പിന്തുണ നൽകാൻ കഴിയുന്നു. ശാസ്ത്രചിന്ത വളർത്താനും ശാസ്ത്രബോധം ഉണ്ടാക്കാനും അന്വോഷണ ബുദ്ധിവളർത്താനും സാധിക്കും.

എൽ.ഡബ്ലിയു.എസ്.എൻ കുട്ടികളെ കൊണ്ട് ചെറിയ പരീക്ഷണങ്ങൾ ചെയ്യിച്ചുകൊണ്ട് ശാസ്ത്രപഠനം ലളിതമാക്കി തീർക്കുന്നു.

# ഐ.റ്റി.ലാബ്
# പരിമിതികൾ

നിലവിൽ ഐ.റ്റി ലാബിൽ 5 ലാപ് ടോപ്പുകളും 5 ഡെസ്ക്ടോപ്പുകളുംമാണുള്ളത്. നാല്പത് കുട്ടികൾ ഉൾപ്പെടുന്ന ഒരു ക്ലാസ്സിൽ നാല് കുട്ടികൾക്ക് ഒരു സിസ്റ്റം എന്നു ള്ളത് നിലവിലെ അവസ്ഥയിൽ പരിമിതമാണ്. പത്ത് പുതിയ കമ്പ്യൂട്ടറുകൾ എങ്കിലും ലഭ്യമായാലേ ലാബ് സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ.പ്രൊജ ക്റ്റർ സൗകര്യവും ക്ലാസിൽ ആവശ്യമാണ്.

ഈ പരിമിതികൾ മറികടക്കുന്നതിനുവേണ്ടി പുതിയ കമ്പ്യൂട്ടറുകൾ വരും വർഷങ്ങളി ലായി വാങ്ങേണ്ടതുണ്ട്. ആവശ്യമായ അനുബന്ധസൗകര്യങ്ങളും വരും വർഷങ്ങളിൽ ഒരുക്കേണ്ടതുണ്ട്.

അടുത്ത വർഷങ്ങളിലായി ഇത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രയോഗ ത്തിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ സൂചിപ്പിക്കുന്നു.

1. കമ്പ്യൂട്ടർ സാക്ഷരത : കുട്ടികൾക്ക് പ്രാഥമികമായ കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനുള്ള പ്രവർത്തനം.
2. കുട്ടിക്കൂട്ടം പദ്ധതി രൂപീകരണം : ഓരോ ക്ലാസിൽ നിന്നും കമ്പ്യൂട്ടർ വിദഗ്ദ്ധ രായ (താൽപര്യമുള്ള 5 കുട്ടികളെ വീതം തെരഞ്ഞെടുത്ത് അവർക്ക് ഇല ക്ട്രോണിക്സ്, ഹാർഡ് വെയർ, ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, സൈബർ അവയർനെസ് എന്നീ കാര്യങ്ങൾക്ക് കൂടുതൽ ക്ലാസ്സുകൾ നൽകും).
3. സ്മാർട്ട് ക്ലാസ്സുകളിലേക്ക് അധ്യാപകർക്ക് ആവശ്യമായ സപ്പോർട്ട് നൽകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

# ലൈബ്രറി

ലൈബ്രറിയ്ക്ക് വിശാലമായ റൂം സൗകര്യങ്ങൾ പ്രദർശന സൗകര്യങ്ങൾ, കഥകൾ, സാഹിത്യകാരന്മാർ എന്നിവരെക്കുറിച്ച് അവബോധം കൊടുക്കാൻ പര്യാപ്തമായ ഐ.റ്റി സൗകര്യങ്ങളോടുകൂടിയ ലൈബ്രറി കുട്ടികൾക്ക് വായിക്കാൻ ഇരിപ്പിട സൗകര്യം കൊടുക്കുന്ന തുറന്ന വായന സ്ഥലങ്ങൾ.

ലൈബ്രറിയിൽ കുട്ടികൾക്ക് പുസ്തകങ്ങൾ കൊടുക്കുവാനുള്ള അധ്യാപകരുടെ പങ്കാളിത്തം ഉറപ്പിക്കൽ, പിറന്നാൾ സമ്മാനത്തിനു പകരം പുസ്തകങ്ങൾ അസംബ്ലി യിൽ നൽകൽ.

ലക്ഷ്യം: 2018 ഡിസംബർ 31 ന് മുൻപ് സ്കൂൾ ലൈബ്രറി മാതൃകാപരമായും, പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യാൻ വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കുക.

### പ്രവർത്തനങ്ങൾ

- വിവിധവിഷയങ്ങളിൽ ഓരോ ക്ലാസിനും വേണ്ട റിസോഴ്സ്/വായനാപുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, ഡിവിഷണനുകളനുസരിച്ച് എണ്ണം തിട്ടപ്പെടുത്തൽ.
- വിവിധ പുസ്തക പ്രസാധകർ, ഏജൻസികൾ എന്നിവരുമായി ബന്ധപ്പെട്ട് ലഭ്യത ഉറപ്പാക്കൽ.
- ക്ലാസ് പി.ടി.എ, ഒ.എസ്.എ അധ്യാപകർ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ നേതൃത്വത്തിൽ വിഭവസമാഹരണവും പുസ്തകശേഖരണവും.
- ക്ലാസ് ലൈബ്രറി സംവിധാനമൊരുക്കുന്നതിന് ഓരോ ക്ലാസ്സിലും സൗകര്യമൊരുക്കൽ.
- പിറന്നാളിനൊരു പുസ്തകം ക്ലാസ് ലൈബ്രറിക്ക് പരിപാടി ക്ലാസധ്യാപരുടെ നേതൃത്വത്തിൽ പിറന്നാൾ ലിസ്റ്റ് തയ്യാറാക്കൽ.
- 2018 ജൂൺ മാസത്തെ ആദ്യ ക്ലാസ്സ് പി.ടി,എ യിൽ രക്ഷിതാക്കളെ വിവരമറിയിക്കൽ.
- ഓരോ അസംബ്ലിയിലും ലഭ്യതയനുസരിച്ച് പുസ്തകങ്ങളുടെ കൈമാറ്റം.
- ലഭ്യമായാ പുസ്തകങ്ങൽ തരം തിരിക്കൽ, ക്രമീകരിക്കൽ, പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തൽ.

## ലൈബ്രറി & റീഡിംഗ് റൂം- സയൻസ് ലാബ് വികസനം

നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾഡ അക്കാദമിക് വികസനത്തിന് ഉതകുന്നതല്ല എന്ന തിരിച്ചറിവ് ഞങ്ങളെ മികച്ച ലൈബ്രറിയും ലാബും റീഡിംഗ് റൂമും വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്നു.

നിലവിൽ മൂന്നു നിലകലിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ കെട്ടിടത്തിന്റെ വിശാലമായ മുകൾഭാഗം ഭിത്തികെട്ടി ട്രെസ് വർക്കുചെയ്യിക്കുകയും ആ സ്ഥലം സീലിംഗ് നടത്തിയെടുത്തി ഒരു ഭാഗം ലൈബ്രറിയായും മറ്റൊരുഭാഗം റീഡിംഗ് റൂമായും രൂപപ്പെടുത്തിയെടുക്കാൻ കഴിയും. ശേഷിക്കുന്ന സ്ഥലം ലാബായി ഉപയോഗിക്കുന്നതിനും കഴിയും.

ഇതുമൂലം തികച്ചും ശാന്തമായ അന്തരീക്ഷത്തിലിരുന്ന വായിക്കുന്നതിനും റഫറൻസ് നടത്തുന്നതിനും കുട്ടികൾക്കു കഴിയും. സയൻസ് വിഷയങ്ങൾ പഠിപ്പിക്കുന്ന സമയം ലാബ് ക്ലാസ്സായി ഉപയോഗിക്കുന്നതിനും കഴിയും. ഇങ്ങനെ കുട്ടികൾക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിൽ ലൈബ്രറിയും ലാബു ഉപയോഗപ്പെടുത്താൻ കഴിയും. ഏകദേശം 4 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ വികസന പ്രവർത്തനത്തിലും സാമ്പത്തിക സ്രോതസ്സുകളുമായി മാനേജ്മെന്റ് പി.റ്റി.എ പൂർവ്വ വിദ്യാർത്ഥിസംഘടനകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ പിന്തുണയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജനപ്രതിനിധികളുടെ സഹായങ്ങളും ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു.

## ലൈബ്രറി & റീഡിംഗ് റൂം, ലാബ്

പ്രാരംഭ വികസനത്തിനുള്ള എസ്റ്റിമേറ്റ് താഴെ കൊടുക്കുന്നു (1000 സ്ക്വ.ഫീറ്റ്)

| ക്രമനമ്പർ | ഉദ്ദേശിക്കുന്ന പ്രവർത്തനം | ചെലവ് | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 1 | 1000 സ്ക്വ.ഭിത്തികെട്ടി ഉയർത്തുന്നതിന് ചെലവ് | 1,00,000.00 | | |
| 2 | ട്രസ് വർക്ക് 1000 സ്ക്വ. | 90,000.00 | | |
| 3 | സീലിംഗ് &ഫർണിഷിംഗ് | 50,000.00 | | |
| | ബുക്ക്സ് & ലാബ് എക്യുപ്മെന്റ്സ് | 1,00,000.00 | | |
| | **ആകെ** | **3,50,000.00** | | |

## ഗ്രീൻ പ്രോട്ടോക്കോൾ

പരിസ്ഥിതി സൗഹൃദ സ്കൂൾ അന്തരീക്ഷവും പ്ലാസ്റ്റിക് വിമുക്ത പരിസരവും നിലനിർത്തിപ്പോരുന്ന ഒരു വിദ്യാലയമാണ് നമ്മുടേത്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഉപയോഗശേഷം മണ്ണിലേയ്ക്ക് വലിച്ചെറിയുന്ന പേനകൾ ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാൽ എല്ലാ ക്ലാസ്റൂമുകളിലും ബോട്ടിലുകൾ സ്ഥാപിച്ച് അതിനുള്ളിൽ ശേഖരിക്കുന്ന ഒരു രീതിയാണ് നമ്മൾ ചെയ്തുവരുന്നത്.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിവിധ ക്ലാസുകൾ വിദഗ്ധരായ ആളുകളിലൂടെ ഇവിടെ സംഘടിപ്പിച്ചുവരുന്നു. 100 ശതമാനം പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാക്കുന്നതിനുള്ളതും ആ അന്തരീക്ഷം നിലനിർത്തുന്നതിനും ഈ വിദ്യാലയം എന്നും പ്രതിജ്ഞാബദ്ധമാണ്.

## സ്കൂൾ ഗ്രൗണ്ട് വികസനം

സ്കൂളിൽ നിലവിൽ മൈതാന ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്ന പരുക്കൻ സ്ഥലം മണ്ണിടിച്ച് ഉയർത്തി വൃത്തിയായി നിരപ്പാക്കി അതിരുകൾ കെട്ടി ബലപ്പെടുത്തി അനുയോജ്യമായ രീതിയിൽ തയ്യാറാക്കിയെടുത്താൽ കുട്ടികൾക്ക് ഒഴിവുവേളകളിൽ കളി ച്ചുല്ലസിക്കുന്നതിനും സ്പോർട്സ് സംബന്ധമായ വിവിധ ആവശ്യങ്ങൾക്കും എൻ. സി.സി,എസ്.പി.സി പരിശീലന ആവശ്യങ്ങൾക്കും മികച്ച രീതിയിൽ ഉപയോഗിക്കാൻ കഴി യും.

ഈ അവശ്യം നിറവേറ്റുന്നതിനായി ഏകദേശം 5 ലക്ഷം രൂപയോളം ചെലവ് പ്രതീ ക്ഷിക്കുന്നു. ഈ തുക മാനേജ്മെന്റ്, പി.റ്റി.എ പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്ഥാപന ങ്ങൾ, എന്നീ സ്രോതസ്സുകളിൽ നിന്നു സമാഹരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. എം.എൽ.എ, എം.പി എന്നിവരുടെ പിന്തുണയും സഹായവും ഇക്കാര്യത്തിൽ പ്രതീക്ഷിച്ചു കൊള്ളുന്നു. സ്കൂൾ അഭ്യുതയകാംക്ഷികളിൽ നിന്നുള്ള പിന്തുണയും സഹായസഹകര ണവും ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു.

ഇതുസംബന്ധിച്ച ഒരു എസ്റ്റിമേറ്റ് ചുവടെ നൽകുന്നു.

| ക്രമ നമ്പർ | ഉദ്ദേശിക്കുന്ന പ്രവർത്തനം | ചെലവ് | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 1 | മണ്ണിടിച്ച് നികത്തുന്നതിന് രൂപ 2500/ ലോഡ് ചെലവ് പ്രകാരം 100 ലോഡ് മണ്ണ് അടിയ്ക്കുന്നതിന് | 2,50,000.00 | | |
| 2 | സൈഡ് കെട്ടുന്നതിന് | 1,00,000.00 | | |
| 3 | നികത്തൽ, നിലം ഉറപ്പിക്കൽ | 75,000.000 | | |
| 4 | മറ്റ് ചെലവുകൾ | 75,000.00 | | |
| | **ആകെ പ്രതീക്ഷിക്കുന്ന ചെലവ്** | **5,00,000.00** | | |

## ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

ഉച്ചഭക്ഷണ പദ്ധതിയോടനുബന്ധിച്ച് പാചകാവശ്യത്തിനായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് ഏറെ ഉചിതമായിരിക്കും. നിലവിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതോടനുബന്ധിച്ചും ഉച്ചഭക്ഷണത്തിനു ശേഷവും പ്രതിദിനം ധാരാളം ഭക്ഷണാവശിഷ്ടങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത് ഫലപ്രദമായി സംസ്കരിക്കാൻ ബയോഗ്യാസ് പ്ലാന്റ് സഹായമാകും. ലഭ്യമാകുന്ന ബയോഗ്യാസ് പാചകാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനും കഴിയും. വിദ്യാലയ ഉച്ചഭക്ഷണസമിതി മുൻകൈയെടുത്ത് ഇത് നടപ്പിലാക്കേണ്ടതാണ്.

വിദ്യാലയ ആവശ്യങ്ങൾക്കായി രൂപപ്പെടുത്തി അനെർട്ട് പോലുള്ള സർക്കാർ സംവിധാനങ്ങളിലൂടെ ലഭ്യമാകുന്ന മികച്ച ഒരു ബയോഗ്യാസ് പ്ലാന്റ് സ്കൂളിൽ സ്ഥാപിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങലുടെ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

- ഏകദേശ ചെലവ് - 50000/-
- അനെർട്ട് സബ്സിഡി ലഭ്യമാക്കും
- ചെലവ് കുറയ്ക്കാം. സമയം 6 മാസം

## ഹൈസ്കൂൾ വാഹനഷെഡ് നിർമ്മാണം

സുരക്ഷിതമായ വാഹനപാർക്കിംഗ് ലക്ഷ്യമിട്ടുകൊണ്ട് സ്കൂൾ വാഹനങ്ങൽ പാർക്ക് ചെയ്യുന്നതിനായി ഒരു വാഹനഷെഡ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുന്നു. ഏകദേശം ഒരു വർഷക്കാലയളവിവ് ഇതു നിർമ്മിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണം മാനേജ്മെന്റ് പി.റ്റി.എ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ നടത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഒരു ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

## ഹൈസ്കൂൾ അസംബ്ലിഹാൾ

കാലാവസ്ഥ വ്യതിയാനങ്ങൾ സ്കൂൾ അസംബ്ലിയെ ബാധിക്കാത്ത രീതിയിൽ ഒരു അസംബ്ലി ഹാൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുന്നു. ഒന്നോ രണ്ടോ വർഷം കൊണ്ട് ഇത് സാധ്യമാക്കാൻ കഴിയും എന്ന പ്രതീക്ഷ മാനേജ്മെന്റ്, പി.ട്രി.എ പൂർവ്വ വിദ്യാർത്ഥികൾ, നിലവിലെ വിദ്യാർത്ഥികൾ എന്നിവരുടെ സഹായസഹകരണങ്ങളോടെ ലക്ഷ്യം സഫലമാക്കാനാവും എന്ന് പ്രത്യാശിക്കുന്നു. ഒന്നര ലക്ഷം രൂപ ഇതിന് ചെലവ് വരും എന്നാണ് ഏകദേശം കണക്കാക്കാൻ കഴിയുന്നത്.

# ഭിന്നശേഷിക്കാർക്ക് ഒരു ക്ലാസ് റൂം

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ക്ലാസെടുക്കുന്നതിനും അവർക്ക് ഇരുന്നു പഠിക്കുന്നതിനും സ്വതന്ത്രമായി ഇടപെടുന്നതിനും വിശ്രമിക്കുന്നതിനുമായി അവർക്കിണങ്ങും വിധം സജ്ജമാക്കിയ ഒരു ക്ലാസ് റൂം നിർമ്മിക്കേണ്ടത് ഏറെ ആവശ്യമാണ്. അതിനായി മറ്റുള്ള ഇടപെടലുകൾ ഇല്ലാത്ത ഒരിടം കണ്ടെത്തി അതു സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി ഒരു ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മാനേജ്മെന്റ് പി.റ്റി.എ ,പൂർവ്വ വിദ്യാർത്ഥികൾ സന്നദ്ധസംഘടനകൾ എന്നിവരുടെ സഹായസഹകരണങ്ങൾ ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## മേഖല- ഹൈസ്കൂൾ ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | അധ്യാപകർ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രമെന്റ് ബോക്സിന്റെ ഉപയോഗം,ശില്പശാല | ഉടൻ പ്രവർത്തനം | അധ്യാപകർ മുന്നോക്കം നില്ക്കുന്ന കുട്ടികൾ | ടിച്ചേഴ്സ് ഗ്രാന്റ് |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് ഗണിത രൂപങ്ങൾ തിരിച്ചറിയുന്നു.(ഭാവനാശേഷിക്കാരായ കുട്ടികൾ) | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പിടിഎ | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ് പ്രവർത്തനങ്ങൾ, ശില്പശാല | വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിതക്ലബ് | പിടിഎ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | സബ്ജക്ട് കൗൺസിലിന്റെ മികച്ച പ്രവർത്തനം, ഇടപെടൽ | തുടർപ്രവർത്തനം | സബ്ജക്ട് കൗൺസിൽ കൺവീനർ അധ്യാപകർ | |
| 7 | ഗണിതത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികളുടെ കൂട്ടായ്മ | അവധിദിനങ്ങളിൽ | ഗണിത അധ്യാപകർ | ഗണിത ക്ലബ് മാനേജ്മെന്റ് |
| 8 | ഗണിത മേളയിലേക്ക് | ഗണിതമേളക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി അധ്യാപകർ | പിടിഎ |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് അവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ/ജൂലായ് | അധ്യാപകർ പിടിഎ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| 10 | രക്ഷിതാക്കളെ ബോധ വല്ക്കരിക്കൽ | 2 മാസത്തിൽ ഒരു പിടിഎ | എല്ലാ അധ്യാ പകരും | HM, അധ്യാപ കർ, പിടിഎ പ്രസിഡന്റ് | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
## മേഖല ഹൈസ്കൂൾ മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തിക വിശക ലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3.അക്ഷര കാർഡ് നൽകൽ<br>4.വാക്കുകൾ എഴുതിയ കാർഡ്<br>5.വാക്കുകൾ നിർമ്മിക്കൽ<br>6.വാക്യങ്ങൾ നിർമ്മിക്കൽ<br>7.ചിത്രം- അടിക്കുറിപ്പ്<br>8.ചിത്രം-കഥ എഴുതൽ<br>9.ഭാഷാപരമായി പിന്നോക്കം നൽകുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം (ആഗസ്റ്റ് സെപ്റ്റം ബർ) | പുസ്തക ങ്ങൾ ചിത്രങ്ങൾ | പി.ടി.എ അധ്യാപ കർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാ ക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീക രിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരി ക്കൽ<br>3.സമീപ ഗ്രന്ഥശാല അംഗത്വം<br>4.വായനോത്സവം സംഘടിപ്പി ക്കൽ<br>5.പത്രവായന<br>6.പുസ്തക ചർച്ച<br>7.വായനാനുഭവം<br>8.വാനനാക്കുറിപ്പ് പതിപ്പ്<br>9.വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>10.ദിനാചരണം<br>11.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12.ആനുകാലിക പ്രസിദ്ധീകര | 6 മാസം | ക്ലാസ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി പത്രങ്ങൾ, ആനുകാ ലിക പ്രസി ദ്ധീകരണ ങ്ങൾ, ഇന്റർനെറ്റ് കമ്പ്യൂട്ടർ | പിടിഎ, അധ്യാപ കർ |

| | | | | | |
|---|---|---|---|---|---|
| | | ണങ്ങളും വായനയും<br>13.ആസ്വാദ്യകരമായ വായന<br>14.ഇ വായന | | | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1.എഴുത്തുകൂട്ടം രൂപീകരണം<br>2.പുസ്തക ചർച്ച<br>3.വായനക്കുറിപ്പ്, പതിപ്പ്<br>4.വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5.ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6.സർഗസൃഷ്ടിയുടെ പുസ്തകം തയ്യാറാക്കൽ<br>7.വ്യക്തിഗത രചന, സംഘ രചന<br>8.ഭാഷാ പ്രോജക്ട്<br>9.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം.<br>10.ദിനാചരണങ്ങൾ ആചരിക്കൽ സാഹിത്യകാരന്മാരെ പരിചയപ്പെടൽ. | 6 മാസം<br><br>ജൂൺ മുതൽ ഡിസംബർ വരെ | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പിടിഎ അധ്യാപകർ |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1പ്രസംഗപരിശീലന കളരി<br>2.വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3.മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4.പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |
| | ഭിന്നശേഷിക്കാരായ കുട്ടിരളെ പരിഗണിച്ചു നടത്തുന്ന ക്രിയാത്മക പ്രവർത്തനങ്ങൾ വഴി അവരെ മുഖ്യധാരയിലെത്തിക്കുക | 1.കഥാചിത്രങ്ങൾ നൽകി കഥ പൂർത്തീകരിക്കുക<br>2.ചിത്രവായന നടത്തുക<br>3. കേൾവി പ്രശ്നമുള്ളവർക്ക് ആംഗ്യത്തിലൂടെയും ശരീര ചലനങ്ങളിലൂടെയും ആശയങ്ങൾ ക്രോഡീകരിച്ച് നൽകുക | ജൂലൈ മുതൽ ജനുവരി വരെ | ചിത്രങ്ങൾ ചാർട്ടുകൾ | പ്രത്യേക പരിശീലനം നേടിയ അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷ ണങ്ങളിലൂടെയുള്ള കുട്ടികളുടെ അവ തരണം | ജൂൺ ജൂലൈ | സയൻസ് അധ്യാപ കർ |
| 2 | ആരോഗ്യമേഖല- ശില്പ ശാല | സെമിനാർ<br>പ്രോജക്ട്<br>ബോധവൽക്കരണം | ജൂൺ | സയൻസ് ടീച്ചേഴ്സ് |
| 3 | മോഡൽ നിർമ്മാണം | ടെലസ്കോപ്,ആറ്റം മാതൃക | ജൂലൈ | സയൻസ് ടീച്ചേഴ്സ് |
| 4. | പഠന പിന്നോക്കാവസ്ഥ യുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | ശാസത്രജ്ഞൻമാരുടെ ചിത്രം ശേഖ രിച്ച് ആൽബം തയ്യാറാക്കൽ<br>പീരിയോഡിക് ടേബൾ നിർമ്മിക്കൽ<br>വിവിധ സെല്ലുകളുടെ ശേഖരണം<br>വിവിധ പക്ഷികളുടെ തൂവൽ ശേഖ രണം | ജൂലൈ | സയൻസ് ടീച്ചേഴ്സ് |
| 5 | ശാസ്ത്രമാസിക<br>ശാസ്ത്ര പതിപ്പ് നിർമ്മി ക്കൽ | ശാസ്ത്രസംബന്ധമായ അറിവുകൾ ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉൽപ്പെടുത്തി ശാസ്ത്രമാസിക പതിപ്പ് എന്നിവ തയ്യാറാക്കൽ | 1 വർഷം | |
| 6 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ജൂലൈ - നവംബർ | |
| 7 | സോപ്പ് നിർമ്മാണം<br>എൽ.ഇ.ഡി നിർമ്മാണം<br>ശില്പശാല | പ്രദർശനവും വിൽപ്പനയും | ജനുവരി | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഭൂപട വായന കുട്ടികളിൽ വളർത്തി സ്ഥാന നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കുവാൻ ഇന്ത്യയുടെ ഭൂപടത്തിൽ ഉത്തര പർവ്വത മേഖലയുടെ സ്ഥാനനിർണ്ണയം നടത്തുന്നു. വാസ്കോഡഗാമയുടെ സഞ്ചാരമാർഗ്ഗം ചിത്രീകരിക്കുക ഇറ്റലിയുടെ സ്ഥാനനിർണ്ണയം നടത്തുക | അക്കാദമിക വർഷം മുഴുവനുമായി പ്രവർത്തനം നടത്തുന്നു | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2. | കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |
| 3 | ഋതുഭേദങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും കുട്ടികളിൽ പരിസ്ഥിതി ബോധം വളർത്തുന്നതിനും | മഴമാപിനി സ്ഥാപിക്കുക | 3 മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4 | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സാമൂഹ്യപരിഷ്കർത്താക്കളുടെ ചിത്രശേഖരണം നടത്തുക. (CWSN) | 3 മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കും | സ്കൂൾ പാർലമെന്റ് നടപ്പിലാക്കുക | 1 മാസം | |
| 6 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവ പരിചിതമാക്കുക | 3 മാസം | |

## കലാവിദ്യാഭ്യാസം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ത്തിക വിശക ലനം |
| 1 | കുട്ടികളുടെ ആത്മവിശ്വാസം, സഭാകമ്പം എന്നിവ മാറ്റിയെടുക്കുക | സംഗീത അഭിരുചിയുള്ള കുട്ടികൾക്ക് ആത്മവി ശ്വാസം വളർത്തുവാൻ കുട്ടികളുടെ കൂട്ടായ്മ ഉണ്ടാക്കി പ്രാർത്ഥന ഗീതം പോലെ ഉള്ളവ പരിശീലിപ്പിച്ച് സ്കൂളിൽ- പൊതുവേദി കളിൽ അവതരിപ്പിക്കു ന്നു. | 1-ാം അക്കാദ മിക വർഷം | ആർട്ട് ടീച്ചർ | പിടിഎ |
| 2 | ചിത്രരചനയോ ടുള്ള താല്പര്യം വർദ്ധിപ്പിക്കുക | വാർലിചിത്രം പോലെ യുള്ള ലളിതമായ ചിത്രര ചനാ രീതികൾ പരിശീലി പ്പിച്ച് കുട്ടികളിലെ ചിത്ര കലാവാസന പ്രോത്സാ ഹിപ്പിക്കുന്നു | 1-ാം അക്കാദ മിക വർഷം | ആർട്ട് ടീച്ചർ | പിടിഎ |
| 3 | കമ്പ്യൂട്ടർ സാധ്യത മനസി ലാക്കുവാൻ | കുട്ടികളിലെ ചിത്രകലാ വാസനയുള്ള കുട്ടികളെ കമ്പ്യൂട്ടർ ചിത്രം വരപ്പിച്ച് IT സാധ്യത മനസിലാ ക്കുവാനുള്ള പരിപാടി കൾ നടത്തുന്നു | 1-ാം അക്കാദ മിക വർഷം | ആർട്ട് ടീച്ചർ | പിടിഎ |
| 4 | മത്സരബുദ്ധി കുട്ടികളിൽ വളർത്തുക | കലാവാസനയുള്ള കുട്ടി കളെ കണ്ടെത്തി അവര വർക്കു യോചിച്ച മൽസ രപരിപാടിയിൽ പങ്കെടു പ്പിച്ച് കുട്ടികളിൽ ആത്മ വിശ്വാസം വളർത്തുന്നു. | 1-ാം അക്കാദ മിക വർഷം | ആർട്ട് ടീച്ചർ | പിടിഎ |

## ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തിക വിശ കലനം |
|---|---|---|---|---|---|
| | ഇംഗ്ലീഷിൽ ആത്മവി ശ്വാസത്തോടെ ആശയവിനി മയം നടത്താൻ പ്രാപ്തരാ | ഇംഗ്ലീഷ് ലൈബ്രറി നവീകരണം<br>ഇംഗ്ലീഷ് കോർനർ സ്റ്റോറി ടൈം<br>ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം<br>ഇംഗ്ലീഷ് അസംബ്ലി | ക്ലാസ് റൂം പ്രവർത്തനം സ്കൂൾ അസംബ്ലി | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | പിടിഎ മാനേ ജ്മെന്റ്. |

| | | | | | |
|---|---|---|---|---|---|
| | ക്കുക | | | | |
| | ഇംഗ്ലീഷിലുള്ള ആവിഷ്കാര ങ്ങൾക്ക് അവ സരം ഒരു ക്കുക | സിനിമ ക്ഷ ഡോക്യുമെന്ററി പ്രോഫിറ്റ് ആൻഡ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചിലരംഗ ങ്ങൾ പ്രദർശിപ്പിക്കുന്നു.<br><br>റോൾ പ്ലേ, ഇംഗ്ലീഷ് ഡേ ആചര ണം, സെമിനാർ ചർച്ചകൾ പ്രശ സ്തമായ ഇംഗ്ലീഷ് കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാന ത്തിൽ ദൃശ്യാവിഷ്കാരം നട ത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങ ൾക്കൊപ്പം<br><br>അക്കാദമിക വർഷം | ടീച്ചർ എസ്. ആർ.ജി<br><br>ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ്<br><br>പിടിഎ, ഇംഗ്ലീഷ് |
| | സ്വതന്ത്ര വായ നയ്ക്ക് സജ്ജ രാക്കുക, സ്വത ന്ത്രമായ എഴു ത്തിന് പ്രാപ്ത രാക്കുക | സ്കൂൾ ഇംഗ്ലീഷ് വോയിസ്ഷ അക്ഷരകാർഡ്, പദകാർഡ്, വാക്യ നിർമാണത്തിനുള്ള കാർഡുകൾ. ചിത്രവായന, ലഘുകഥ നിർമാണം, പബ്ലിക് സ്പീക്കിംഗ്, സിംപ്ലി ഗെയിംസ്,ഇംഗ്ലീഷ് ന്യൂസ്പേപ്പർ റീഡിംഗ്, പ്രിപ്പയറിംഗ് ന്യൂസ്പേ പ്പർ റിപ്പോർട്ട്, ഡയറി എൻട്രി, ന്യൂസ് റീഡിംഗ് കോമ്പറ്റീഷൻ | ക്ലാസ് റൂം ആക്ടിവി റ്റീസ്.<br><br>ക്ലാസ് റൂം ആക്ടിവി റ്റീസ് സ്കൂൾ അസംബ്ലി | ഇംഗ്ലീഷ് ടീച്ചർ<br><br>ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ്<br><br>പിടിഎ പേരന്റ് |
| | നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി, സ്കറ്റ്... ഇംഗ്ലീഷ് ലാബ്.<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി......ഷോ ,.. കഥാപ്ര സംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ്റൂം ആക്ടിവി റ്റീസ് | ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ് |
| | കവിതാലാപന ത്തിനും കവിത രച നക്കും പ്രാപ്ത രാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാ നുള്ള അവസരം. കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കു ന്നു.<br>ബുക്ക് റിവ്യൂസ്<br>മാഗസിൻ | ക്ലാസ്റൂം ആക്ടിവി റ്റീസ് | ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ് |
| | ICT ഇംഗ്ലീഷ് ഭാഷാ വികസ നത്തിന് പ്രയോജനപ്പെ | പ്രശസ്ത എഴുത്തുകാർ, നിരൂപ കർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമാ യുള്ള അഭിമുഖവും വീഡിയോ | ക്ലാസ്റൂം ആക്ടിവി റ്റീസ്. അക്കാദമിക | ഇംഗ്ലീഷ് ടീച്ചർ | പിടിഎ ജെആർജി മാനേ ജ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| | ടുത്തുക | കോൺഫറൻസ് എന്നിവ നടത്തുന്നു.<br>ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലും കാണാനുള്ള അവസരം | വർഷത്തിൽ ഒന്ന് | | |
| | സംവാദസദസ്സുകൾ സംഘടിപ്പിക്കുക | നേറ്റീവ്........... ടൊത്ത് സമയം ചിലവഴിക്കാനുള്ള സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. ഇംഗ്ലീഷ് റൈറ്റേഴ്സ്, പോയറ്റ്സ് മായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷത്തിൽ രണ്ട് തവണ. | ഇംഗ്ലീഷ് ടീച്ചർ | പിടിഎ ഇംഗ്ലീഷ് ക്ലബ്. |

## Health and Physical Education

Subject: Health and Physical Education

AIM: To provide all students knowledge & importance of Health & wellness & make them physically fit.

To provide specific training for students who are skilled in games & athletics

Lack of ground in our school is causing hindrence in development of skills in our students.

Major games

Football

Kabbadi

Wrestling

Athletics

Badminton.

Football

Equipment: Football, Price : 1100

Total Number : 6, Total Amount: 6600/-

Kabbadi: Kabbadi ,mat: 300000/-

Badminton: Racquet : 8 No : 600/-

Total : 311400/-

To prepare students for sub-district. District & State Championship in Kabbadi, wrestling, football& athletics.

To Make sure every student maintains basic level of physical fitness.

Awareness regarding Balanced & healthy diet.

## മേഖല: സാമൂഹികം

## പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിനും മുതിർന്ന സഹപ്രവർത്തകരെ സമാദരിക്കുന്നതിനും ഉദ്ദേശിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 23 വർഷത്തിലൊരിക്കൽ ഇതു നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്റ്റാഫ് കൗൺസിൽ മുൻകൈ എടുക്കേണ്ടതുണ്ട്. ഏകദേശം 5000 രൂപ ഇതിനു വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി സ്റ്റാഫ് ഫണ്ട് ഉപയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൂർവ്വാധ്യാപകരുടെ സേവനം ഭൗതീക സാഹചര്യങ്ങൾക്കായി ഉപയോഗപ്പെടുത്തൽ.

### മുന്നോട്ടുള്ള കാഴ്ചപ്പാടുകൾ

### സാമൂഹികം- പഠനക്കൂട്ടം

- വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കൽ
- വിവിധ മികവുകളുടെ അവതരണം
- സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ് നടത്തൽ
- കമ്പ്യൂട്ടർ പരിശീലനം
- രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം
- നല്ല വായനക്കാരെ ആദരിക്കൽ
- മദേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഉത്പാദന യൂണിറ്റുകൾ

### പുസ്തകസമാഹരണം

- വീടുകൾ സന്ദർശിച്ച് പുസ്തകം ശേഖരിക്കൽ
- പി.ടി.എ മദേഴ്സ് ഫോറം എന്നിവയുടെ നേതൃത്വത്തിൽ പഠനനിലവാരം വിലയിരുത്തൽ.
- ജന്മദിനത്തോടനുബന്ധിച്ച് വായനമൂലയ്ക്ക് പുസ്തകം സമ്മാനം നൽകുന്നു
- പി.ടി.എ സന്നദ്ധ സംഘടനകൾ മാനേജ്മെന്റ്, കുട്ടികൾ എന്നിവർ ഒത്തുചേർന്ന് പുസ്തക സമാഹരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### സാമൂഹിക പങ്കാളിത്തം ശക്തമാക്കാൻ

- പി.ടി.എ ശാക്തീകരണം
- മാതൃസംഘം പ്രവർത്തനങ്ങൾ
- വിദ്യാലയ വികസനം
- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- ഗ്രന്ഥശാലകൾ,ക്ലാസ്സുകൾ, സന്നദ്ധസംഘടനകൾ,വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണസ്ഥാപനങ്ങൾ,വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- മാതൃകാപരമായി മാറ്റം വരുത്തിയ ക്ലാസ്സ് പി.റ്റി.എ.
- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് മികവുകൾ പങ്കുവയ്ക്കൽ.
- കമ്പ്യൂട്ടർ ബോധവൽക്കരണം വിദ്യാർത്ഥി സമൂഹവുമായി പങ്കിടൽ
- ഭവന സന്ദർശനം
- ലഹരിവിരുദ്ധ സാമൂഹിക പ്രവർത്തനങ്ങൾ.

### ഭക്ഷണമെത്തിക്കൽ

വിദ്യാലയത്തിലെ കുട്ടികളെയും പ്രവർത്തകരെയും ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് വിദ്യാലയത്തിനു സമീപമുള്ള അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൽ, സർക്കാർ ആശുപത്രികൾ എന്നിവയ്ക്ക ഉച്ചഭക്ഷണത്തിനായി ഭക്ഷണപ്പൊതികൾ എത്തിച്ചുകൊടുക്കൽ, ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യം ഈ ജീവകാരുണ്യ പ്രവർത്തനം വിദ്യാലയത്തിൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് ഏറെ ചെലവു വരുന്ന പ്രവർത്തനമല്ല.

## മോണിറ്ററിംഗ്

ഇത്തരം പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു പരിശോധനരീതി ആവശ്യമാണ്. അതിനായി മാനേജ്മെന്റ് പ്രതിനിധിയും, ഹെഡ്മാസ്റ്ററും, പി.റ്റി.എ അംഗങ്ങളും എസ്.ആർ.ജി കൺവീനറും ഉൾപ്പെട്ട ഒരു സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസം കൂടുതൽ മെച്ചമുള്ളതും ഗുണനിലവാരമുള്ളതും സമഗ്രവും ശാസ്ത്രീയവുമാക്കുന്നതുമായ പ്രവർത്തനരീതികളാണ് ഈ സമഗ്രമാർഗരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അത് കൂടുതൽ സാമൂഹികവും ശിശുകേന്ദ്രീകൃതവും ആക്കുന്നതിന് നമ്മൾ ഓരോരുത്തരും കടമകൾ കൃത്യമായി നിർവ്വഹിക്കുവാൻ പ്രതിജ്ഞാബദ്ധരാകേണ്ടതുണ്ട്. നന്മകളാൽ സമൃദ്ധവും മനുഷ്യസ്നേഹത്തിലധിഷ്ഠിതവുമായ ഒരു നവലോകം സൃഷ്ടിക്കാൻ നമുക്ക് സാധ്യമാകട്ടെ.

*****

HINDI

ACADEMIC MASTER PLAN H.S HINDI

| | लक्ष्य | गतिविधियां | समय | |
|---|---|---|---|---|
| 1 | राष्ट्रीय भाषा के प्रति योग्यता को बढाता है | कहानी वचन और कविता वचन के अवसर प्रदान करता है। | जून में | हिंदी शिक्षक |
| 2 | बच्चों को अपनी आत्मविश्वास से हिंदी को संभालने में सक्षम बनाता है। | पाठ से संबंधित जून से कहानी उपन्यास और फिल्में दिखाने का अवसर प्रदान करता है । | जून में | हिंदी शिक्षक |
| 3 | बच्चों को अनुवादक, समाचार वाचक, पत्रकार आदि के रूप में काम. करने में सक्षम बनाता है। | उन क्षेत्रों में अध्ययन दौरे आयोजित किए जाते हैं जहां हिंदी मातृभाषा है। प्रसिद्ध पत्रकारों के साथ साक्षात्कार आयोजि किया जा रहे हैं। | शैक्षिक वर्षा | हिंदी शिक्षक |
| 4 | CWSN छात्रों के ध्यान विकसित करने को छोटे एवं नए शब्दों का संकलन करके शब्दकोश बनाना। | पाठ पुस्तक की सहायता से शब्द संकलन। | शैक्षणिक वर्ष | हिंदी शिक्षक एवं होशियार छात्र। |